# സ്ത്രീ ഒരിക്കലും തടഞ്ഞു നിർത്തപ്പെടേണ്ടവൾ അല്ല. അഡ്വ. എൻ. രാഖി




ചിറ്റൂർ:സ്ത്രീ ഒരിക്കലും തടഞ്ഞു നിർത്തപ്പെടേണ്ടവൾ അല്ലെന്നും പരിമിതികൾ ഉള്ളവളല്ലെന്നും വിശ്വാസ് സെക്രട്ടറി അഡ്വ. എൻ. രാഖി അഭിപ്രായപെട്ടു. ചിറ്റൂരിലെ വിശ്വാസ് സേവന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ചിറ്റൂർ ഗവണ്മെന്റ് വിക്ടോറിയ ഗേൾസ് സ്കൂളിൽ വനിതാ ദിനത്തിനോ ടനുബന്ധിച്ച നടന്ന സ്ത്രീകളും നിയമവും എന്ന വിഷയത്തിൽ സെമിനാറിൽ മുഖ്യ പ്രഭാഷണം നിർവഹിക്കുകയായിരുന്നു  അവർ.
വിശ്വാസ് സേവന കേന്ദ്രം കോർഡിനേറ്റർ വി. പി. കുരിയക്കോസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചിറ്റൂർ തത്തമംഗലം മുനിസിപ്പൽ കൗൺസിലർ ശ്രീദേവി സെമിനാർ ഉദ്ഘാടനം ചെയ്തു. തുല്യ സാക്ഷരത കോർഡിനേറ്റർ കാർത്തികേയൻ ആശംസകൾ പറഞ്ഞു. തുല്യതാ പരീക്ഷ കോർഡിനേറ്റർ സൗദാമിനി സ്വാഗതവും  കൗൺസിലിങ്ങ് സൈക്കോളജിസ്റ്റ് ആന്റണി നന്ദിയും പറഞ്ഞു. തുല്യതാ പരീക്ഷക്ക് തയ്യാറെടുക്കുന്ന നൂറോളം വനിതകൾ സെമിനാറിൽ പങ്കെടുത്തു .